June 2018.

**മുഖ്യനഗരാസൂത്രകന്റെ നടപടി**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം- സാങ്കേതിക വിഭാഗം- തിരുവനന്തപുരം ജില്ല - തിരുവനന്തപുരം നഗരസഭ - ഉളിയാഴത്തുറ വില്ലേജ് - എൽ.പി.ജി ഗോഡൗൺ കെട്ടിട നിർമ്മാണം - കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 03.03.18 ലെ SZO/TP/1099/18 നം. കത്ത്.

2. തിരുവനന്തപുരം ടൗൺ പ്ലാനറുടെ 05.05.18 ലെ D/657/18/K.Did നം. കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. ഡി3/4560/2018/D.Dis** **തീയതി: 01/06/2018**

---

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള ഉളിയാഴത്തുറ വില്ലേജിൽ റീ സർവ്വെ നമ്പർ 135/1-2, 136/6-1 എന്നിവയിൽപ്പെട്ട 1200 $m^2$ സ്ഥലത്ത് 152.75 ച.മീ എൽ.പി.ജി ഗോഡൗൺ നിർമ്മാണത്തിന് പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ജയകുമാർ S/O തോംസൺ, കരിപ്പിൻ കോട്ടുകോണത്ത് - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി പ്രസിദ്ധീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1) താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി., എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഓക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2) കെ.എം.ബി.ആർ 1999 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3) നിർമ്മാണം കെ.പി.ബി.ആർ 1999 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4) ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5) കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7) കെ.എം.ബി.ആർ പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ ലേ-ഔട്ട് അംഗീകാരം വാങ്ങേണ്ടതാണ്.
8) നിർദ്ദിഷ്ട എൽ.പി.ജി ഗോഡൗൺ നിർമ്മാണ സ്ഥലത്തേയ്ക്ക് കെ.എം.ബി.ആർ ചട്ടം 59(4) പ്രകാരം ചുരുങ്ങിയത് 7 മീറ്റർ വീതിയുള്ളതും ഗതാഗതയോഗ്യവുമായ വഴി ലഭ്യമാക്കണമെന്നും ടി വഴി കാലകാലങ്ങളിൽ അപേക്ഷകന് ഉപയോഗിക്കുന്നതിന് അധികാരമുണ്ടെന്നും സെക്രട്ടറി രേഖകൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Sheeba

**ഷീബാ റാണി. വൈ**
**ടൗൺ പ്ലാനർ**

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

പകർപ്പ്:- 1. ശ്രീ.ജയകുമാർ, S/O തോംസൺ,
കരിപ്പിൻ കോട്ടുകോണത്ത് ഹൗസ്,
പന്തലക്കോട്.പി.ഒ, തിരുവനന്തപുരം
2. ടൗൺപ്ലാനർ, തിരുവനന്തപുരം 3. വെബ്സൈറ്റ് 4. കരുതൽ ഫയൽ 5. അധികം